രാമവർമ്മ തമ്പുരാൻ.—(a) സംരക്ഷകന്റെ ആപ്പീസ്സിൽ കിടന്നു മരിക്കുക ഉണ്ടായിട്ടില്ല. ടിയാൻ രാത്രിയിൽ തന്റെ വാസസ്ഥലത്തുകിടന്നു മരിച്ചു. ഒരു എഴുത്തു സഹകാര്യമായി എഴുതിവെച്ചിരുന്നു എന്നു കേട്ടിട്ടുണ്ടു്. ആ എഴുത്തു് സംരക്ഷകാപ്പീസ്സിൽ കിട്ടീട്ടില്ല.

(b) ഉത്തരം ആവശ്യമില്ല.

Mr. Maman Chohan.—Alleged incrimination of.

210. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഫ്രാൻസ് മകരം ഫസ്-ാംനു-യിലെ നിയമസഭാസമ്മേളനത്തിൽ ഫസ്ല-ാം നമ്പ്രചോദ്യത്തിനു ബഹുമാനപ്പെട്ട ശവമ്മെണ്ടിൽനിന്നും പറഞ്ഞിട്ടുള്ള മറുപടി പോലീസ് പിക്കാട്ടുകളും കോടതി റിക്കാർട്ടുകളും നോക്കീട്ടാണൊ പറഞ്ഞിട്ടുള്ളതെന്നു ദയവായി ഉത്തരം പറയുമൊ;

(b) കൊച്ചി രണ്ടാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഫ്രാൻസിൽ സി. സി. ഫസ്-ാംനമ്പ്രായി വിസ്തരിച്ചതും എറണാകുളം ടൌൺ പോലീസ് സബ്ബ് ഇൻസ്പെക്ടർ ചാർജ്ജ് ചെയ്തിട്ടുള്ളതുമായ കേസിൽ ഇപ്പോൾ അധികൃത സംരക്ഷകനായിരിക്കുന്ന മിസ്റ്റർ വി. ആർ. മാമൻ ചോഹൻ ഒരു പ്രതിയായിരുന്നൊ എന്നു ശവമ്മെണ്ടു ദയവായി മറുപടി പറയുമോ;

(c) ടി കേസിൽ മിസ്റ്റർ മാമൻ ചോഹനെ എറണാകുളം ടൌൺ പോലീസ് ചാർജ്ജ് ഹാജരാക്കുന്നതിനുമുമ്പു് അറസ്റ്റ് ചെയ്തശേഷം ജാമ്മ്യത്തിൽ വിട്ടിരുന്നൊ എന്നും ദയവായി മറുപടി പറയാമോ;

(d) മുൻപറഞ്ഞ ഫസ്ല-ാംനമ്പ്ര ചോദ്യത്തിന്റെ മറുപടിയിൽ പറയുന്ന സംഗതി ശവമ്മെണ്ടിനു ആരിൽനിന്നു കിട്ടിയ മറുപടിയാണെന്നു പറയാമൊ?

രാമവർമ്മ തമ്പുരാൻ.—(a) അല്ല.

(b) ചീഫ്കോട്ട് വക്കീൽ മിസ്റ്റർ എം. കെ. രാമനെ ചാലർകുടി ചെരിടത്തടിച്ചു് കണ്ണടപൊട്ടിക്കുകയും ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തു എന്നുകാണിച്ചു് ടിയാൻ കൊടുത്തിരുന്ന ഒരു കേസിൽ മിസ്റ്റർ മാമൻ ചോഹനേയും ഒരു പ്രതിയാക്കി ചേർത്തിരുന്നു. എന്നാൽ കേസ് വിചാരണചെയ്തപ്പോൾ നിരപരാധിയാണെന്നു കാണുകയാൽ കുറ്റപത്രം തയ്യാറാക്കാതെതന്നെ മിസ്റ്റർ മാമൻ ചോഹനെ ഒഴിവാക്കി.

(c) ടി കേസ്സിൽ വിചാരണദിവസം കോടതിയിൽ ഹാജരാകണമെന്നുകാണിച്ചു് എറണാകുളം ടൌൺ പോലീസ് സബ്ബ് ഇൻസ്പെക്ടർ മിസ്റ്റർ മാമൻ ചോഹനെക്കൊണ്ടു് ഒരു കുറിപ്പിട്ടു വാങ്ങിക്കൊണ്ടുപോയിട്ടുണ്ടു്. എന്നാൽ കോടതിയിൽനിന്നു വാറണ്ടയക്കുകയോ അറസ്റ്റ് ചെയ്യുകയോ ജാമ്മ്യത്തിൽവിടുകയോ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(d) പ്രൊട്ടക്ടർ നിന്നും.

Bhajana Madham, Mulavukad.

211. മിസ്റ്റർ കെ. പി. വള്ളോൻ.—(a) മുളവുകാട് പുലയ ഭജനമഠം ഫ ഫ ൦൫ മുതൽ ഫ ഫ ൦൭ വരെ ആരെ ഏല്പിച്ചിരുന്നുവെന്നും ഏതുവിധത്തിലാണ് വച്ചിരുന്നതെന്നും അന്നത്തെ ആദായങ്ങൾ എന്തുണ്ടെന്നും, ടി സംഖ്യ എവിടെ നിക്ഷേപിച്ചിരിക്കുന്നുവെന്നും ദയവായി മറുപടി പറയുമോ;

(b) ടി സ്ഥലം എന്തു വിലക്കാണ് എടുത്തിട്ടുള്ളതെന്നും, ടി പറമ്പിൽ എത്ര അനുഭവമുള്ള വൃക്ഷങ്ങളുണ്ടെന്നും ദയവായി ഉത്തരം പായുമോ;

(c) മുളവുകാട് നിവാസികളായ അധഃകൃതർക്കുള്ള സമാജ അംഗങ്ങളുടെ മേലാലുള്ള രക്ഷക്കുവേണ്ടിയോ അല്ലയോ ടി സ്ഥലം കൊടുത്തിട്ടുള്ളത്;

(d) ടി സ്ഥലം ഏല്പിച്ചിട്ടുള്ള മിസ്റ്റർ ചാഞ്ചൻ സ്ഥലത്തെ അധഃകൃതർക്ക് പ്രവേശനം അനുവദിക്കുന്നില്ലെന്നും വളരെ കഴുപ്പം ഉണ്ടാക്കുന്നുണ്ടെന്നുമറിയാം കാണിച്ചു സ്ഥലനിവാസികൾ ഒരു ഡെപ്യൂട്ടേഷനായി—൯൦-ൽപരം അധഃകൃതർ—നേരിട്ടു ദിവാൻജി അവർകൾക്കു തന്നിട്ടുള്ള ഹർജിക്കെന്തന്വേഷണമാണ് നടത്തിയതു്—ആരാണ് അന്വേഷണത്തിനു പോയതെന്നു ദയവായി പറയാമോ;

(e) സ്ഥലത്തെ ഫ ൦ ൦ -ൽപരം വരുന്ന അധഃകൃതസമുദായാംഗങ്ങളെ ഉപേക്ഷിച്ചു ഒരു മാത്രം ഉത്സവംകഴിക്കുവാൻ സംരക്ഷകൻ അനുമതികൊടുക്കുവാനുണ്ടായ കാരണമെന്ത്; സംരക്ഷകന്റെ ഈ ആർഡർ സ്ഥലത്തെ അധഃകൃതർ തമ്മിൽ ഛിദ്രിപ്പിക്കുവാൻ ഇടയുള്ളതായി ദിവമ്മെണ്ടിനറിയാമോ?

രാമവമ്മ തമ്പുരാൻ—(a) മുളവുകാട് ഭജനമഠസ്ഥലം എം. എൽ. സി. ആയിരുന്ന മിസ്റ്റർ പി. സി. ചാഞ്ചനെ ഏല്പിച്ചിരുന്നു. ഭജനമഠകാര്യങ്ങൾ ന്യായമായവിധത്തിൽ അന്വേഷിപ്പാൻ വേണ്ടിയാണ് ടിയാനെ ഏല്പിച്ചതു്. അതിലെ ആദായം ഭജനമഠത്തിലെ വിളക്കുവയ്പു, ശാന്തിക്കാരന്റെ ചിലവ് ഇതിലേക്കു ഉപയോഗിച്ചുപോന്നിരുന്നു.

(b) ഭജനമഠം ഇരിക്കുന്ന സ്ഥലം സർവ്വകക്ഷി വിലക്കാണ് അകപ്പെടുത്തിയതു്. ടി പറമ്പിൽ അനുഭവം ഉള്ളതും ഇല്ലാത്തതും കൂടി ൯൦ തെങ്ങുകളും ഒരു മാവും ഉണ്ടു്.

(c) സമാജ അംഗങ്ങളുടെ ക്ഷേമത്തിനുവേണ്ടിയിട്ടാണ്.

(d) ടി ഹർജിയെപ്പറ്റി സ്ഥലത്തുചെന്നു ന്യായമായ അന്വേഷണം ചെയ്തു—ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ടും അധഃകൃത സംരക്ഷകനും വെവ്വേറെ അന്വേഷണങ്ങൾ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly